Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

23rd January 2017

## 11 തദ്ദേശസ്വയം ഭരണ വാർഡുകളിൽ ഫെബ്രുവരി 21ന് ഉപതിരഞ്ഞെടുപ്പ്

പതിനൊന്ന് തദ്ദേശസ്വയം ഭരണ വാർഡുകളിൽ ഫെബ്രുവരി 21ന് ഉപതിരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു. 6 ജില്ലകളിലെ 9 ഗ്രാമപഞ്ചായത്ത് വാർഡുകളിലും തൃശൂർ കോർപ്പറേഷൻ വാർഡിലും പനമരം ബ്ലോക്ക്പഞ്ചായത്ത് വാർഡിലുമാണ് ഉപതിരഞ്ഞെടുപ്പ്. മാതൃകാപെരുമാറ്റച്ചട്ടം ജനുവരി 23ന് നിലവിൽ വന്നു. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഫെബ്രുവരി 3. പത്രികകളുടെ സൂക്ഷ്മ പരിശോധന 4നും സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി 6മാണ്. വോട്ടെടുപ്പ് ഫെബ്രുവരി 21ന് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. 22ന് രാവിലെ 10 മണിക്ക് വോട്ടെണ്ണൽ.

ഉപതിരഞ്ഞെടുപ്പു നടക്കുന്ന ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനം, വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം-പനവൂർ ഗ്രാമപഞ്ചായത്ത്-06 മിന്നിലം, കൊല്ലം- ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്-10 നെടുമ്പാറ, കോട്ടയം- മൂന്നിലവ് ഗ്രാമപഞ്ചായത്ത്-08 മൂന്നിലവ്, വിജയപുരം ഗ്രാമപഞ്ചായത്ത്-04 പെരിങ്ങള്ളൂർ, എറണാകുളം-പാമ്പാക്കുട ഗ്രാമപഞ്ചായത്ത്-01 നെയ്ത്തുശാലപ്പടി, തൃശ്ശൂർ- തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ-23 മിഷൻ ക്വാർട്ടേഴ്സ്, വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്-15 വാടാനപ്പള്ളി വെസ്റ്റ്, അളഗപ്പനഗർ ഗ്രാമപഞ്ചായത്ത്-14 തെക്കേക്കര, പുത്തൻചിറ ഗ്രാമപഞ്ചായത്ത്-09 പിണ്ടാണി, മലപ്പുറം- അരീക്കോട് ഗ്രാമപഞ്ചായത്ത്-05 താഴത്തങ്ങാടി, വയനാട്-പനമരം ബ്ലോക്ക്പഞ്ചായത്ത്-02 പാക്കം.

*(എസ്.ഇ.സി. 05/2017)*